**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4691** **26.06.2019 ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

| **ചോദ്യം** | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) | ഓണത്തിന് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) & ബി) | വർഷത്തിൽ എല്ലാ ദിവസവും ഓരോ കുടുംബങ്ങൾക്കും വേണ്ട വിഷരഹിത പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുവാനും ഓണത്തിന് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ഉല്പാദിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം മുതൽ ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി.<br>2017-18 വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു.<br>കഴിഞ്ഞ വർഷം ഓണത്തിന് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കൊണ്ടുവരുവാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം മൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വരെ വിളനാശം സംഭവിക്കുകയുണ്ടായി. |
| ബി) | കഴിഞ്ഞ വർഷം ഈ പദ്ധതി നടപ്പിലാക്കിയതുമൂലം എത്ര ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചു; | | |
| സി) | ഈ വർഷം പദ്ധതി കൂടുതൽ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആരുടെയൊക്കെ സഹകരണത്തോടെയെന്ന് വ്യക്തമാക്കുമോ; | സി) | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി വിപുലീകരിച്ചാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയിൽ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 65 ലക്ഷം വിത്ത് പായ്ക്കറ്റുകളും 160 ലക്ഷം |

| | | |
|---|---|---|
| | | പച്ചക്കറി തൈകളും കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു.<br>കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഡിപ്പാർട്ട്മെന്റ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ വഴിയാണ് കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറി തൈകളും സൗജന്യമായി ലഭ്യമാക്കുന്നത്. |
| ഡി) | ഈ പദ്ധതിക്കായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്? | ഡി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**